# പ്രൊഫ. (കേണൽ) ഡോ. കാവുമ്പായി ജനാർദ്ദനൻ

**ജനനം, വിദ്യാഭ്യാസം:** കണ്ണൂരിലെ 'കൊളന്ത' ഗ്രാമത്തിൽ സുപ്രസിദ്ധ സ്വാതന്ത്ര്യസമര സേനാനിയും ഇന്ത്യാഗവൺമെന്റിന്റെ 'താമ്രപത്ര' അവാർഡു ജേതാവുമായ മാവിലാ ചാത്തോത്തു രാമൻകുട്ടി നമ്പ്യാരുടെയും (MCR) സാമൂഹ്യസേവിക അളവൂർ ദേവിഅമ്മയുടെയും മകനായി 1955 മാർച്ച് 17-ാം തീയതി ജനിച്ചു. കാവുമ്പായി, എള്ളെരിഞ്ഞി, മടമ്പം എന്നിവിടങ്ങളിലെ സ്കൂളുകളിലെയും ശ്രീകണ്ഠപുരം ഗവൺമെന്റ് ഹൈസ്ക്കൂളിലും സ്കൂൾ വിദ്യാഭ്യാസം നേടി. തളിപ്പറമ്പ് സർ സയ്യദ് കോളജിൽ നിന്ന് പ്രീഡിഗ്രിയും ജവഹർലാൽ നെഹ്രു വിശ്വവിദ്യാലത്തിൽ നിന്ന് ബി.എസ്.സി. ഡിഗ്രിയും ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. ഡിഗ്രിയും ഡൽഹി യൂണിവവേഴ്സിറ്റിയിൽ നിന്ന് ബി.എ. ഡിഗ്രിയും പാസ്സായി. ബിരുദാനന്തരം ബിരുദത്തിനു പഠിച്ചത് അണ്ണാമലൈ (MA, BEd, PGDBA), മദ്രാസ് (MEd), കുരക്ഷേത്ര (PGJMC, MMC), ജോഡ്പൂർ (PGITSM), മുംബൈ (MS-സൈക്കോതെറാപ്പി, കൗൺസലിംഗ്), ഡോ. ഹരിസിംഗ് ഗൗർ (PhD-മനഃശാസ്ത്രം), എന്നീ വിശ്വവിദ്യാലയങ്ങളിലാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിംബയോസിസിൽ നിന്നു PGDHRM (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റിൽ MBA) ഉം പാസ്സായി.

**രാജ്യസേവനം :** ലോകപ്രശസ്തനായ ഇന്ത്യൻ മിലിറ്ററി അക്കാദമി (IMA) ഡഹ്റാഡൂണിൽ തെരഞ്ഞെടുത്ത ശേഷം 1981-ൽ ഇന്ത്യൻ കരസേനയിൽ ഓഫീസറായി. സ്കൂൾ ഓഫ് ആർട്ടിലറി (ദേവാലാലി), ഇൻഫന്ററി സ്കൂൾ (ബൽഗാം), ആർമിവാർ കോളജ് (മൗ), മിലിറ്ററി ഇന്റലിജൻസ് സ്കൂൾ (പൂന), ആർമി സ്കൂൾ ഓഫ് മെക്കാനിക്കൽ ട്രാൻസ്പോർട്ട് (ബാംഗ്ലൂർ), ലാൻസർ ടെക്നോളജീസ് (പൂന) എന്നീ സ്ഥാപനങ്ങളിൽ നിന്നു സ്പെഷ്യലിസ്റ്റു ഡിപ്ലോമാ കോഴ്സുകൾ പാസ്സായി. ഇന്ത്യയുടെ നാനാ ഭാഗത്ത് സേവനമനുഷ്ഠിച്ചു. രാജസ്ഥാൻ-ഗുജറാത്ത് സംസ്ഥാനങ്ങളുടെ രക്ഷാമന്ത്രാലയ പബ്ലിക്ക് റിലേഷൻ ഓഫീസറായും ആസാം-ത്രിപുര-മിസ്സോറാം സംസ്ഥാനങ്ങളുടെ മിലിറ്ററി ഇന്റലിജൻസ് ഓഫീസറായും സീനിയർ വിദ്യാഭ്യാസ ഓഫീസറായും ഹൈദരാബാദിലെ ആർട്ടിലറി സെന്ററിൽ എ ക്ലാസ് പരിശീലകനായും മൂന്നു യൂണിറ്റുകളുടെ കമാൻഡിംഗ് ഓഫീസറായും സേവനമനുഷ്ഠിച്ചു. എട്ടു പ്രധാന ആർമി ഓപ്പറേഷനുകളിൽ ധീരമായി യുദ്ധ നേതൃത്വം വഹിച്ചു വിജയിച്ചു. 2009-ൽ, മുപ്പത്തിനാലു വർഷത്തെ രാജ്യസേവനത്തിനു ശേഷം വിരമിച്ചു.

**സാമൂഹ്യസേവനം:** ഇന്ത്യൻ കരസേനയിൽ നിന്നു വിരമിച്ച ശേഷം നാഷണൽ അക്കാദമി ഓഫ് ഡിഫൻസ് ആന്റ് അലൈഡ് സർവ്വീസസ് (MD), മഹാത്മാഗാന്ധി മിഷൻ (MGM), ഗ്രൂപ്പ് ഓഫ് കോളേജുകൾ (ഡയറക്ടർ, പ്രൊഫസർ, സൈക്കോളജിസ്റ്റ്), ഐശ്വര്യദർപ്പണം, പ്രവാസി മാസിക (ചീഫ് എഡിറ്റർ), സൈനിക് വെൽഫേർ അസോസിയേഷൻ (ചെയർമാൻ), കൈരളി ചാരിറ്റബിൾ ഫൗണ്ടേഷൻ (അഡ്വൈസർ), തുടങ്ങിയവയിൽ സേവനമനുഷ്ഠിച്ചു. കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സ്കൂളുകളിലും മറ്റു വിവിധ സ്ഥാപനങ്ങളിലും പ്രേരണാ പ്രസംഗങ്ങളും അതിഥി പ്രഭാഷണങ്ങളും, റേഡിയോ പ്രഭാഷണങ്ങളും, മാർഗ്ഗദർശന വർക്കുഷോപ്പുകളും നടത്തി സേവനമനുഷ്ഠിച്ചു.

**സാഹിത്യസംഭാവന:** മലയാളത്തിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നതിനും പുറമെ ഒരു ഡസനിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സാഹിത്യപ്രവർത്ത സഹകരണ സംഘം (കോട്ടയം), ഡി.സി. ബുക്ക്സ് (കോട്ടയം), വീണാ ബുക്ക്സ് (തിരുവനന്തപുരം), വിദ്യാർത്ഥിമിത്രം (കോട്ടയം), സ്റ്റെപ്സ് (തിരുവനന്തപുരം), കൺഫെഡ് (തിരുവനന്തപുരം), എന്നിവരാണ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. ഐശ്വര്യദർപ്പണം സാമൂഹ്യസാംസ്ക്കാരിക കുടുംബ മാസികയുടെ മുഖ്യ പത്രാധിപർ എന്ന നിലയിൽ ആയിരത്തിലേറെ എഴുത്തുകാരെ പ്രോത്സാഹിപ്പിച്ചു.

അവാർഡുകളും അംഗീകാരങ്ങളും : വിശിഷ്ട രാജ്യസേവനത്തിനും യുദ്ധ സേവനങ്ങൾക്കും സൈന്യസേവാമെഡൽ പോലുള്ള പത്തു സർസ്സ് മെഡലുകൾ നേടി. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, റൈസിംഗ് പേഴ്സണാലിറ്റീസ് ഓഫ് ഇന്ത്യ അവാർഡ്, ഉദ്യോഗ് ഗൗരവ് അവാർഡ്, ഓർഡർ ഓഫ് അമേരിക്കൻ അംബാസിഡേഴ്സ് പുരസ്ക്കാരം, ഭാരത് ജ്യോതി അവാർഡ്, ബെസ്റ്റ് സിറ്റിസൺ ഓഫ് ഇന്ത്യ അവാർഡ്, ഏഷ്യൻ അഡ്മിറബിൾ അച്ചീവേഴ്സ് അവാർഡ്, ജ്വാല പാട്രിയോട്ടിക് അവാർഡ്, കൈരളി സാഹിത്യശ്രീ അവാർഡ്, എന്നീ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലുടനീളമുള്ള പല സാംസ്ക്കാരിക സംഘടനകളും മലയാളി സമാജങ്ങളും ആദരിച്ചിട്ടുണ്ട്.

ഇന്ത്യൻ സയൻസ് കോൺഗ്രസ് അസോസിയേഷൻ (ISCA), ഇന്ത്യൻ സൈക്കോളജിക്കൽ അസോസിയേഷൻ (IPA), അസോസിയേഷൻ ഓഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് (ACP), കമ്മ്യൂണിറ്റി സൈക്കോളജി അസോസിയേഷൻ ഓഫ് ഇന്ത്യ (CPAI) തുടങ്ങിയ ദേശീയ സംഘടനകളിൽ ആജീവനാന്ത അംഗമാണ്.

**കുടുംബം, ഭാര്യ:** ഡോക്ടർ (മേജർ) നളിനി ജനാർദ്ദനൻ (പ്രശസ്ത സാഹിത്യകാരി, ആകാശവാണി-ടെലിവിഷൻ ആർട്ടിസ്റ്റ്, ഗായിക, ഫാമിലി മെഡിസിൻ സ്പെഷ്യലിസ്റ്റ്) പതിനെട്ടോളം ഗ്രന്ഥങ്ങളുടെ രചയിതാവാണ്. പട്ടാളത്തിൽ ഡോക്ടറായിരുന്നു. പത്തിലേറെ ദേശീയതലത്തിൽ അവാർഡുകൾ നേടിയിട്ടുണ്ട്.

**മകൻ:** അനുരാഗ് ജനാർദ്ദനൻ, L&T കമ്പനിയിൽ സീനിയർ മാനേജരാണ്. മകന്റെ ഭാര്യ സ്നേഹ, കോട്ടക് മഹേന്ദ്രയിൽ മാനേജരാണ്.

**മകൾ:** ഡോ. അനുപമ ജനാർദ്ദനൻ, നേത്രരോഗ വിദഗ്ധയാണ്. MBBS-ൽ ഏറ്റവും നല്ല ഡോക്ടർക്കുള്ള ചാൻസ്ലേഴ്സ് ഗോൾഡ് മെഡൽ അവാർഡ് ജേതാവ്.

# പോരാളിയുടെ പൗരുഷം

പ്രൊഫ. (കേണൽ) ഡോ. കാവുമ്പായി ജനാർദ്ദനൻ

"ഹലോ, ക്യാപ്റ്റൻ രവി, നാളെ ഞായറാഴ്ചയാണല്ലോ. നമുക്ക് നാളെ രാവിലെ ഒൻപതു മണിക്ക് ശ്രീനഗറിലേക്കു ഷോപ്പിംഗിനു പോകാം. ഞാനും എന്റെ ഫാമിലിയും വരും." മേജർ രാജേഷിന്റെ ഫോൺ വന്നപ്പോൾ ക്യാപ്റ്റൻ രവിക്കു വളരെ സന്തോഷമായി.

"ഓക്കെ, താങ്ക്സ്! ഞാൻ വരാം. ജോലിത്തിരക്കിനിടയിൽ നല്ലൊരു ഔട്ടിംഗ് ആവുമല്ലോ. ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞ് കൃത്യം ഒൻപതു മണിക്ക് വണ്ടിയുമായി ഞാൻ സാറിന്റെ വീട്ടിലെത്താം". ക്യാപ്റ്റൻ പറഞ്ഞു.

"ഓക്കെ", മേജർ രാജേഷ് ഫോൺ സംസാരം നിർത്തി.

മേജർ രാജേഷ്, മെക്കാനിക്കൽ എഞ്ചിനീയറും ഷെരീഫാബാദ് ആർമി വർക്ക്ഷോപ്പിന്റെ മേധാവിയുമായിരുന്നു. ഡോ. നീലിമയെ കല്യാണം കഴിച്ച് ഷെരീഫാബാദ് മിലിട്ടറി കൺടോൺമെന്റിൽ താമസിക്കാൻ തുടങ്ങിയിട്ട് ഒന്നു രണ്ടു മാസമേ ആയിട്ടുള്ളൂ. പട്ടണത്തിൽ നിന്നും പത്തുകിലോമീറ്റർ ദൂരെയുള്ള ഈ സ്ഥലത്ത് നേരമ്പോക്കിനു വേണ്ട ഒന്നുമുണ്ടായിരുന്നില്ല. ഓഫീസിലെ ജോലിത്തിരക്കു കഴിഞ്ഞാൽ വൈകുന്നേരം ക്യാപ്റ്റൻ രവി, രാജേഷ് ദമ്പതികളുടെ കൂടെ ബാഡ്മിന്റൺ കളിക്കുമായിരുന്നു. അവിവാഹിതനും ആദർശശാലിയും സൽസ്വഭാവിയുമായ ക്യാപ്റ്റൻ രവിയെ എല്ലാവർക്കുമിഷ്ടമായിരുന്നു.

ഉഗ്രവാദികളുടെ ആക്രമണങ്ങൾ മൂലം ശ്രീനഗർ ആർമിയുടെ അധീനതയിലായിരുന്നു. ഏത് ആർമി വണ്ടികൾ, പട്ടാളക്യാമ്പിനു പുറത്തുപോകുമ്പോഴും ഡ്രൈവറും വേറൊരു പട്ടാളക്കാരനും ആയുധമെടുത്തു കൊണ്ടു പോകണമെന്ന നിബന്ധനയുണ്ടായിരുന്നു. ആർമിവണ്ടികൾ പോകുമ്പോൾ ഭീകരർ ഒളിഞ്ഞിരിക്കുന്ന വെടിവെപ്പും ബോംബേറും നടത്തിയ പല സംഭവങ്ങളുമുണ്ടായിരുന്നു.

ഞായറാഴ്ച രാവിലെ ഒൻപതു മണിക്കു തന്നെ അവർ ശ്രീനഗറിലേക്കു പുറപ്പെട്ടു. മിലിറ്ററി ജിപ്സി വണ്ടിയിൽ ആയുധധാരികളായ ഡ്രൈവറും വേറൊരു പട്ടാളക്കാരനും മുൻസീറ്റിലിരുന്നു. മറ്റെല്ലാവരും പിറകിലെ സീറ്റുകളിലായിരുന്നു.

"ഇവിടെ വന്നശേഷം ആദ്യമായാണോ മാഡം, ശ്രീനഗറിലേക്കു പോകുന്നത്?" ക്യാപ്റ്റൻ രവി, ഡോ. നീലിമയോടു ചോദിച്ചു.

"അതെ. ഉഗ്രവാദികളുടെ, ഭീകരതകൾ കാരണം ഇതുവരെ പോകാൻ സാധിച്ചിട്ടില്ല. ഏതായാലും ഇന്നു നമുക്ക് ശ്രീനഗർ പട്ടണം കാണാൻ കഴിയുമല്ലോ." ഡോ. നീലിമ സന്തോഷത്തോടെ പറഞ്ഞു.

സംസാരിച്ചു സമയം പോയതറിഞ്ഞില്ല. ശ്രീനഗർ പട്ടണത്തിനുതൊട്ടുമുമ്പുള്ള ... ഗ്രൗണ്ട് മിലിറ്ററി പോലീസ് ചെക്ക്പോസ്റ്റിൽ ഞങ്ങളുടെ വണ്ടിനിർത്തി. വണ്ടിയിൽ യാത്ര ചെയ്യുന്നവരുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ആയുധങ്ങൾ, ഡ്രൈവറുടെ അടുത്ത് കൂടെയുള്ള ഗാർഡിന്റെ അടുത്തുമുണ്ടോ എന്നു പരിശോധിച്ച്, വണ്ടിയുടെ നമ്പരും മറ്റും എഴുതിയശേഷം മിലിറ്ററി പോലീസുകാർ വണ്ടി മുമ്പോട്ടു പോകാനനുവദിച്ചു. മിലിറ്ററി പോലീസിന്റെ തലവനായ സുബേദാർ പ്യാരാസിംഗ്, ക്യാപ്റ്റൻ രവിയെ കണ്ടപ്പോൾ സല്യൂട്ട് ചെയ്ത ശേഷം പറഞ്ഞു. "സോറി സാർ മുച്ഛെ പതാ നഹിം ഥാ, ആപ് ഇസ് ഗാഡിമെ ബൈഠെ ഹെ." (ക്ഷമിക്കണം സാർ. താങ്കൾ ഈ വണ്ടിയിലിരിക്കുന്ന കാര്യം എനിക്കറിയില്ലായിരുന്നു.)

"കോയി ബാത്ത് നഹിം. ഹം ലോഗ് ബഹൂത് ഖുശ് ഹെ കീ ആപ് അപ്നാ കാം അച്ഛീ തരഹ് നിഭാരഹെ ഹെ" (സാരമില്ല. താങ്കൾ താങ്കളുടെ ജോലി ഭംഗിയായി നിർവ്വഹിക്കുന്നു എന്ന കാര്യത്തിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്.) ക്യാപ്റ്റൻ രവി മറുപടി പറഞ്ഞു.

മനോഹരമായ പൈൻമരങ്ങൽ റോഡിന്റെ ഇരുഭാഗത്തും തലയുയർത്തി നില്ക്കുന്നതു കണ്ടുകൊണ്ട്, വണ്ടി മുമ്പോട്ടു നീങ്ങി. പലതരം നിറങ്ങളുള്ള വസ്ത്രങ്ങൾ ധരിച്ചു പുഞ്ചിരിക്കുന്ന സുന്ദരികളെപ്പോലെ മനോഹരമായ പൂക്കൾ പല സ്ഥലത്തുമുണ്ടായിരുന്നു. അങ്ങകളെ ചക്രവാളത്തിൽ തലഉയർത്തിനില്ക്കുന്ന പൈൻമരങ്ങൾ നിറഞ്ഞ വൻകാടുകളുള്ള കൂറ്റൻ മലകൾ കാണാനെന്തു രസം! കഴുത്തു മുതൽ കാലുവരെ എത്തുന്ന വസ്ത്രങ്ങൾ ധരിച്ച് തലയിൽ തുണിയും ചുറ്റി, ഞങ്ങളുടെ വണ്ടിയെ ആകാംക്ഷയോടെ വീക്ഷിക്കുന്ന സുന്ദരികളെ കണ്ണിമയ്ക്കാതെ നോക്കിയപ്പോൾ ഡോ. നീലിമ ചോദിച്ചു.

"എന്താ ക്യാപ്റ്റൻ രവി, ഇതിലേതെങ്കിലും കാശ്മീരി സുന്ദരിയെ വിവാഹം ചെയ്യാനുദ്ദേശമുണ്ടോ?"

"ഇല്ലാ മേഡം. എന്റെ ഭാവി ഭാര്യ കേരളത്തിലെവിടെയോ ഉണ്ട്. ഭാഗ്യമനുസരിച്ച് എന്നെങ്കിലും കണ്ടുമുട്ടും". ക്യാപ്റ്റൻ രവിയുടെ മറുപടി.

"എന്താ ഇതുവരെ ആരെയും പ്രേമിച്ചിട്ടില്ലെ?" മേജർ രാജേഷിന് അതാണറിയേണ്ടത്.

"പ്രേമിക്കാൻ സമയം കിട്ടിയിട്ടില്ലാ സാർ. പല ആലോചനകളും വന്നിരുന്നു. പക്ഷേ, വീട്ടുകാർക്കിഷ്ടപ്പെട്ടില്ല. വീട്ടുകാർക്കിഷ്ടപ്പെട്ടത് എനിക്കിഷ്ടമായില്ല. അങ്ങിനെ സമയം കടന്നുപോയി." ക്യാപ്റ്റൻ രവി സത്യസന്ധതയോടെ കാര്യം പറഞ്ഞു.

വണ്ടി, ശ്രീനഗർ പട്ടണത്തിലൊരിടത്തു നിർത്തിയശേഷം ഡ്രൈവർ പറഞ്ഞു; "സാർ, യഹാം ഷോപ്പിംഗ് കെലിയെ അച്ഛാ ദുക്കാൻ ഹെ." (സാർ ഇവിടെ ഷോപ്പിംഗിനു പറ്റിയ നല്ല കടകളുണ്ട്.)

വണ്ടി പ്രധാനറോഡിൽ നിന്നുമാറ്റഇ, ഒരു ഇടവഴിയിൽ നിർത്തിയിടണമെന്നും വണ്ടി വിട്ടു പോകരുതെന്നും നിർദ്ദേശം നല്കിയ ശേഷം, അവർ ഷോപ്പിംഗിനു പോയി.

പലതരം സാധനങ്ങൾ വളരെ മനോഹരമായി സജ്ജീകരിച്ചുവെച്ചത് വിദേശപര്യാടകരെ

ആകർഷിക്കാൻ കൂടിയാണ്. വിദേശികളോട് തോന്നിയ വിലയാണ് ഷോപ്പുകാർ ആവശ്യപ്പെടുക. ഉഗ്രവാദികളുടെ ആക്രമണങ്ങൾ വർദ്ധിച്ചപ്പോൾ വിദേശികളും സ്വദേശികളുമായ പര്യാടകർ ഭൂമിയിലെ സ്വർഗ്ഗമെന്നു പറയുന്ന ശ്രീനഗറിൽ വരുന്നതു വളരെ കുറഞ്ഞു. ആർമി ഏറ്റെടുത്ത ശേഷം, ചില പര്യാടകർ ധൈര്യപൂർവ്വം ശ്രീനഗറിലേക്കു വരാൻ തുടങ്ങി.

രണ്ടു മണിക്കൂറിനുള്ളിൽ ഷോപ്പിംഗ് പൂർത്തിയാക്കി അവർ തിരിച്ചു വന്നു.

"ഇനി ദൽ ലെയിക്കും മുഗൾ ഗാർഡനും കണ്ടശേഷം നല്ലൊരു ഹോട്ടലിൽ നിന്നു ഭക്ഷണവും കഴിച്ചു തിരിച്ചുപോകാം." മേജർ രാജേഷ് അഭിപ്രായപ്പെട്ടു.

ക്യാപ്റ്റൻ രവി തലയാട്ടി.

അവർ വണ്ടിയിൽ കയറി ഇരുന്നു. ആർമി ജിപ്സി വണ്ടിയുടെ പിൻഭാഗത്തു പകുതിഭാഗം തുറന്നുകിടക്കുന്നതിനാൽ, പിന്നിലൂടെ കാഴ്ചകൾ ഭംഗിയായി കാണാം. മുൻഭാഗത്തുള്ള കാഴ്ചകളും നന്നായി കാണാൻ സാധിക്കും.

ജിപ്സി സ്റ്റാർട്ട് ആക്കി കുറച്ചു ദൂരം പോയപ്പോൾ ഡ്രൈവർ വണ്ടി നിർത്തി. ആളുകളുടെ തിരക്കു കാരണം റോഡിലൂടെ പോകാൻ പ്രയാസമുള്ളതുകൊണ്ടായിരിക്കാം. വണ്ടി നിർത്തിയതെന്ന് ക്യാപ്റ്റൻ രവിയും കൂട്ടരും സമാധാനിച്ചു. അവർ സംസാരം തുടർന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ കുറേ കാശ്മീരികൾ അവരുടെ വണ്ടിക്കു ചുറ്റും തടിച്ചു കൂടി.

"ക്യാ ബാത്ത് ഹെ?" ക്യാപ്റ്റൻ രവി, ഡ്രൈവറോടു ചോദിച്ചു.

മുൻഭാഗത്തു നിന്നു വന്ന ഒരു കാർ, റോഡരികിൽ നിർത്തി, അതിന്റെ ഡ്രൈവർ പെട്ടെന്നു കാറിന്റെ വാതിൽ തുറന്നപ്പോൾ ജിപ്സിയിൽ തട്ടി. ദേഷ്യം വന്ന കാശ്മീരി കാർ ഡ്രൈവർ, ജിപ്സി ഡ്രൈവറുടെ തെറ്റു കാരണമാണ് അയാളുടെ കാറിനു പരിക്കുപറ്റിയതെന്നു പറഞ്ഞ് ബഹളം കൂട്ടിയപ്പോൾ അയാളുടെ സുഹൃത്തുക്കളായ മറ്റു കാശ്മീരികൾ മിലിറ്ററി ജിപ്സിയെ വളഞ്ഞു. നിമിഷങ്ങൾക്കുള്ളിൽ അവരുടെ എണ്ണം വർദ്ധിച്ചു.

"മിലിറ്ററി വണ്ടിയെ കത്തിക്കണം." അമർഷത്തോടെ ഏതോ കാശ്മീരി വിളിച്ചുപറഞ്ഞപ്പോൾ പലരും അതു ശരിവെച്ചു. ചിലർ ജിപ്സി വണ്ടിയെ കാലുകൊണ്ടു തൊഴിച്ചു. അടുത്തുകിട്ടിയ കല്ലെടുത്തെറിഞ്ഞു. കാശ്മീരികളുടെ പ്രതികരണം കണ്ടപ്പോൾ ഡോ. നീലിമ പേടിച്ചുകരഞ്ഞുപോയി. സ്വന്തം ഭാര്യം കൂടെ ഉള്ളതു കൊണ്ടായിരിക്കാം മേജർ രാജേഷിന്റെ മുഖത്തും ഭയം നിഴലിച്ചിരുന്നു.

ഇതിനിടയിൽ ആരോ ഒന്നുരണ്ടാളുകൾ തീപ്പെട്ടി പുറത്തെടുത്ത് ജിപ്സി കത്തിക്കാൻ ശ്രമിച്ചു. ഉടനെ എന്തെങ്കിലും ചെയ്തില്ലെങ്കിൽ മിലിറ്ററി ജിപ്സി കത്തിക്കുമെന്നും അഞ്ചു ജീവൻ അപകടത്തിലാവുമെന്നും ഉറപ്പാണ്.

ക്യാപ്റ്റൻ രവി ഉടനെ ഡ്രൈവറുടെ ആയുധമായ സ്റ്റെൻഗൺ കയ്യിലെടുത്തു. ഡ്രൈവറുടെ അടുത്ത സീറ്റിലിരിക്കുന്ന സെക്യൂരിറ്റി ഗാർഡിനോടു പറഞ്ഞു, "റെഡിയായി നില്ക്കുക.

എന്റെ ഓർഡർ കിട്ടിയാൽ വെടിവെപ്പ് ആരംഭിക്കണം.”

“ജീ സാബ്.” അയാൾ ധൈര്യപൂർവ്വം പറഞ്ഞു.

ക്യാപ്റ്റൻ രവി വളരെ ഉച്ചത്തിൽ പറഞ്ഞു: “അഗർ കോയി ആദ്മി ഹമാരെ ഗാഡി ഛുലിയാ തൊ, മാർ ദൂംഗാ. മൈം തീൻ തക് ഗിനൂംഗാ. ഉസ്സെ പെഹയെ ഹമാരാ ജിപ്സി കാ ചാബി നഹിം ദിയാ തൊ, സബ്കൊ മാർ ദൂംഗാ. ഏക്...! ദൊ...! (ആരെങ്കിലും ഞങ്ങളുടെ വണ്ടി തൊട്ടാൽ കൊന്നുകളയും. ഞാൻ മൂന്നുവരെ എണ്ണുമ്പോഴേക്കും ഞങ്ങളുടെ വണ്ടിയുടെ താക്കോൽ തന്നി ല്ലെങ്കിൽ എല്ലാവരേയും കൊന്നുകളയും. ഒന്ന്...! രണ്ട്....!)

രണ്ട് എന്ന് എണ്ണിത്തീരുന്നതിനു മുമ്പു തന്നെ അവിടെ തടിച്ചുകൂടിയ കാശ്മീരികൾ ഓടി രക്ഷപ്പെട്ടു. താക്കോൽ എടുത്തുകൊണ്ടു പോയ കാർ ഡ്രൈവർ, ജിപ്സിയുടെ താക്കോൽ ഡ്രൈവ റുടെ കൈയ്യിൽ ഏല്പിച്ചുകൊണ്ട് അയാളുടെ കാലുപിടിച്ചു ക്ഷമാപണം പറഞ്ഞു: “സാർ ഗൽത്തി ഹോഗയാ. മാഫ് കരോ”

ഇനിയും സ്ഥിതി വഷളാവുന്നതിനു മുമ്പ്, ഡ്രൈവറോട് ജിപ്സി സ്റ്റാർട്ട് ചെയ്ത് പുറപ്പെ ടാൻ പറഞ്ഞു.

ഡോ. നീലിമ അപ്പോഴും ഒരു ഷോക്കിലായിരുന്നു. മേജർ രാജേഷ് സമാധാനിപ്പിക്കാൻ ശ്രമിച്ചു. “ഇനി ഭയപ്പെടാനില്ല. താങ്ക്യൂ ക്യാപ്റ്റൻ രവി. യുവാർ ഗ്രെയിറ്റ്!”

ക്യാപ്റ്റൻ രവി അഭിമാനത്തോടെ പുഞ്ചിരിച്ചു.

“നിങ്ങൾ ഇത്ര ധൈര്യപൂർവ്വം പെരുമാറിയിരുന്നില്ലെങ്കിൽ നമ്മുടെ ജീവൻ അപകടത്തി ലാവുമായിരുന്നു. മരിച്ചു ജീവിക്കുന്ന പ്രതീതിയാണിപ്പോൾ”. അല്പം ധൈര്യം സംഭരിച്ചുകൊണ്ട് ഡോ. നീലിമ സംസാരിച്ചു.

“ഇങ്ങനെ എത്രയോ തിക്താനുഭവങ്ങൾ ഞങ്ങൾ പട്ടാള ഓഫീസർമാർക്ക് ഓരോ ദിവ സവും നേരിടേണ്ടി വരാറുണ്ട്. ജനിച്ചാൽ ഒരിക്കൽ മരിക്കും. ആ മരണം ധൈര്യപൂർവ്വം പോരാടി യിട്ടാണെങ്കിൽ അഭിമാനാർഹമാവും.” ക്യാപ്റ്റൻ രവി പറഞ്ഞപ്പോൾ, ഡോ. നീലിമയ്ക്ക് ഒരു ആർമി ഓഫീസറെ കല്യാണം കഴിച്ചതിൽ അഭിമാനം തോന്നി.

“യഥാർത്ഥത്തിൽ ഇന്നു വെടിവെച്ചിരുന്നെങ്കിൽ, നാളത്തെ പത്രങ്ങളിൽ നമുക്കെതിരായി വാർത്തകൾ വരുമായിരുന്നു. ശ്രീനഗർ പട്ടണ ബന്ദ് നടക്കുമായിരുന്നു. നമ്മുടെ കോർട്ടുമാർഷൽ നടക്കുമെന്നതിനു സംശയമില്ല”. മേജർ രാജേഷ് പറഞ്ഞു.

“അതു ശരിയാണ്. ക്യാപ്റ്റൻ രവി അനുകൂലിച്ചു. പക്ഷേ, ഈ കാശ്മീരികളെ ഭീകരന്മാരി ലവ് നിന്നും രക്ഷിയ്ക്കുവാൻ വേണ്ടി രാപ്പകൽ പാടുപെട്ട്, ജീവൻപോലും ബലിയർപ്പിക്കുന്ന പട്ടാളക്കാരെ ശത്രുക്കളായി കരുതുന്ന ഇവിടുത്തെ ഒരു വിഭാഗം ആൾക്കാർ, എന്നെങ്കിലുമൊരു ദിവസം ആർമി ഇവർക്കുവേണ്ടി ചെയ്യുന്ന സേവനം മനസ്സിലാക്കും.”

"സാർ ദൽ ലെയിക്ക്" ഡ്രൈവർ വിളിച്ചുപറഞ്ഞു.

"നമുക്കിവിടെ ഇറങ്ങി ദൽ ലയിക്കിന്റെ മനോഹാരിത ആസ്വദിക്കാം." ക്യാപ്റ്റൻ രവി അഭിപ്രായപ്പെട്ടു.

"വേണ്ട ക്യാപ്റ്റൻ രവി. തൽക്കാലം നമുക്ക് മടങ്ങിപ്പോകാം. വേറൊരു ദിവസം വന്ന്, മുഗൾ ഗാർഡനും ദൽ ലെയിക്കുമെല്ലാം കാണാം." ഡോ. നീലിമ പറഞ്ഞു.

ക്യാപ്റ്റൻ രവിയും മേജർ രാജേഷും സമ്മതിച്ചു. അവരുടെ ജിപ്സി, നേരെ ഷരീഫാബാദിലേക്കു വിട്ടു. വഴിക്കുള്ള ടട്ടുഗ്രൗണ്ട്, മിലിറ്ററി പോലീസ് ചെക്ക് പോസ്റ്റ് എത്തിയപ്പോൾ, സുബേദാർ പ്യാരാസിംഗ് അടുത്തുവന്നു പറഞ്ഞു.

"ജൽഡി വാപസ് ആഗയാ സാബ്" (പെട്ടെന്നു തിരിച്ചുവന്നല്ലോ സാബ്)

"ജിഹാം. ഷോപ്പിംഗ് ജൽദി കതം ഹോഗയാ." (അതെ. ഷോപ്പിംഗ് വേഗം കഴിഞ്ഞു). മേജർ രാജേഷ് പറഞ്ഞു.

ഷെരീഫ ബാദ് മിലിറ്റി ക്യാമ്പിൽ തിരിച്ചെത്തിയ ശേഷം, മേജർ രാജേഷിനേയും ഭാര്യയേയും അവരുടെ വീട്ടിലിറക്കി. ക്യാപ്റ്റൻ രവി, ഓഫീസർ മെസ്സിലുള്ള തന്റെ മുറിയിലേക്കു പോയി. ജിപ്സി ക്യാമ്പിലേക്കു തിരിച്ചയച്ചു.

ക്യാപ്റ്റൻ രവിയുടെ സഹായ്ക്ക് (സഹായത്തിനുള്ള പട്ടാളക്കാരൻ) അവിടെ കാത്തിരിക്കുന്നുണ്ടായിരുന്നു.

"സാർ, ചായ് ലുഉം?" (സാർ ചായ കൊണ്ടുവരട്ടെ?) സഹായക്ക് ചോദിച്ചു.

"ഓക്കെ." ക്യാപ്റ്റൻ രവി കസേരയിലിരുന്നു പത്രം വായിക്കാൻ തുടങ്ങി.

പത്തു മിനിട്ടിനുള്ളിൽ ചായയും പലഹാരങ്ങളുമായി സഹായക്ക് തിരിച്ചെത്തി. ക്യാപ്റ്റൻ രവി ചായ വാങ്ങിയ ശേഷം സഹായക്കിനോടു സ്വന്തം ബാരക്കിലേക്ക് (പട്ടാളക്കാർ താമസിക്കുന്ന സ്ഥലം) പൊയ്ക്കൊള്ളാൻ പറഞ്ഞു.

പെട്ടെന്ന് ടെലിഫോൺ ബെല്ലടിച്ചു. ക്യാപ്റ്റൻ രവി, ടെലിഫോൺ റിസീവർ എടുത്തു ചെവിയിൽ വെച്ചുകൊണ്ടു പറഞ്ഞു: "ഗുഡ് ആഫ്റ്റർ നൂൺ. ക്യാപ്റ്റർ രവി ഹിയർ."

"ഗുഡ് ആഫ്റ്റർ നൂൺ രവീ, മീറ്റ് മി ടുമാറോ അറ്റ് 10 എ.എം. ഇൻ മൈ ഓഫീസ്." കമാന്റിംഗ് ഓഫീസറുടെ ആജ്ഞ കേട്ടപ്പോൾ അമ്പരന്നു പോയി.

"എസ് സാർ. വാട്ടീസ് ദ മാറ്റർ സാർ?"

"യുവർ കോർട്ട് മാർഷൽ." കമാൻഡിംഗ് ഓഫീസർ ടെലിഫോൺ പെട്ടെന്നു താഴെ വച്ചു.

ഇന്നു ശ്രീനഗർ പട്ടണത്തിൽ നടന്ന സംഭവത്തെപ്പറ്റി ആർമി ഇന്റലിജൻസുകാർ കമാൻഡിംഗ് ഓഫീസർക്കു റിപ്പോർട്ടു കൊടുത്തു കാണുമോ? ക്യാപ്റ്റൻ രവി ആലോചിച്ചു. ഇത്ര പെട്ടെന്ന് ആ വിവരം അറിയാൻ വഴിയില്ല. സ്വയം സമാധാനിച്ചു.

അതാ ടെലിഫോൺ വീണ്ടും മണിയടിച്ചു. ക്യാപ്റ്റൻ രവി ടെലിഫോണിൽ പറഞ്ഞു. ഗുഡ് ആഫ്റ്റർ നൂൺ, ക്യാപ്റ്റൻ രവി ടെലിഫോണിൽ പറഞ്ഞു. "ഗുഡ് ആഫ്റ്റർ നൂൺ ക്യാപ്റ്റൻ രവി ഹിയർ"

"ഗുഡ് ആഫ്റ്റർ നൂൺ ക്യാപ്റ്റൻ രവി. വെൽഡൺ! അഞ്ചു ജീവനും മിലിറ്ററിയും അഭിമാനവും രക്ഷിച്ചതിന് താങ്കൾക്ക് അഭിനന്ദനങ്ങൾ". കമാൻഡിംഗ് ഓഫീസറുടെ ഭാര്യയായിരുന്നു അത്. "ഇന്നു രാത്രി എട്ടുമണിക്ക് ഞങ്ങളുടെ വീട്ടിലേക്കു വരിക. ഇന്നത്തെ ഡിന്നർ ഞങ്ങളുടെ കൂടെയാവാം."

പെട്ടെന്ന് വീണ്ടും ടെലിഫോൺ ബെല്ലടിച്ചു. "ക്യാപ്റ്റൻ രവീ; മേജർ രാജേഷ് ഹിയർ. അയാം സോറി. ഞാൻ നടന്ന സംഭവമെല്ലാം കമാൻഡിംഗ് ഓഫീസറോടു പറഞ്ഞു."

അപ്പോഴാണ് കമാൻഡിംഗ് ഓഫീസർ പറഞ്ഞ കോർട്ടു മാഷലിന്റെ കാര്യം ക്യാപ്റ്റൻ രവിക്കു മനസ്സിലായത്.

അടുത്ത ദിവസം രാവിലെ പത്തു മണിക്ക് മുഴുവൻ റജിമെന്റിന്റേയും മുമ്പിൽ വെച്ച് കമാൻഡിംഗ് ഓഫീസർ കേണൽ ജയ് നാരായണൻ പറഞ്ഞു; "ക്യാപ്റ്റൻ രവിയെപ്പോലുള്ള ഓഫീസർ നമ്മുടെ റജിമെന്റിന്റെ മാത്രമല്ല; ഈ ദേശത്തിന്റെ മുഴുവൻ അഭിമാനമാണ്! രോഷാകുലരായ കാശ്മീരികൾ നമ്മുടെ മിലിറ്ററി വണ്ടി കത്തിച്ചിരുന്നെങ്കിൽ ജീവഹാനി മാത്രമല്ല, മാനഹാനി കൂടി സംഭവിക്കുമായിരുന്നു. പക്ഷേ, ക്യാപ്റ്റൻ രവിയുടെ ആത്മധൈര്യവും ബുദ്ധിപൂർവ്വവുമായ പ്രവർത്തിയും വലിയൊരു വിപത്തിൽ നിന്നും രക്ഷ നേടാൻ സഹായിച്ചു. വെൽഡൺ! അയാം പ്രൗഡ് ഓഫ് യു രവീ." കമാൻഡിംഗ് ഓഫീസർ രവിയെ ആലിംഗനം ചെയ്തു. സദസ്സിലെ പട്ടാളക്കാർ സന്തോഷം കൊണ്ട് ജയ് വിളിച്ചു.

"ക്യാപ്റ്റൻ രവി സാബ് കീ ജയ്."

അറിയാതെ ക്യാപ്റ്റൻ രവിയുടെ കണ്ണുകൾ നിറഞ്ഞു. സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും കണ്ണുനീർ!

***************